ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 27.11.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ നാല് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കമാകും.

   **President Droupadi Murmu's four-day visit to Tamil Nadu will begin today.**

2. രാജ്യത്തെ മുതിർന്ന പൗരന്മാരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **PM Narendra Modi says that the government is providing ease of living conditions to the citizens in the country.**

3. ഇന്ത്യയെ ശൈശവ വിവാഹ മുക്തമാക്കുന്നത് ലക്ഷ്യമിട്ടുള്ള ബാൽ വിവാഹ് മുക്ത് ഭാരത് ദേശീയ യജ്ഞത്തിന് ഇന്ന് തുടക്കം.

   **The Bal Vivah Mukt Bharat National campaign which aims to make India free from child marriage, begins today.**

4. ഫെംഗൽ ചുഴലിക്കാറ്റിൻറെ സാഹചര്യത്തിൽ തമിഴ്നാട്ടിലും പുതുച്ചേരിയിലും കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള തീരത്ത് മത്സ്യബന്ധനത്തിന് വിലക്ക്.

   **IMD predicts heavy rains in Tamil Nadu and Puducherry. Fishermen are warned to not to venture in Kerala coast.**

5. ഐ.എസ്.എൽ ഫുട്ബോളിൽ മുംബൈ സിറ്റിയ്ക്കെതിരെ പഞ്ചാബ് എഫ്.സി ക്ക് ജയം.

Punjab FC wins against Mumbai City in ISL football.

6. ലെബനനുമായുള്ള വെടിനിർത്തൽ കരാർ പ്രഖ്യാപിച്ച് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു.

Israeli Prime Minister Benjamin Netanyahu announces ceasefire agreement with Lebanon.

&&&&&&&&&&&&&&&&&&

## PREZ-TAMIL NADU

രാഷ്ട്രപതി ദ്രൗപദി മുർമു നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് തമിഴ്നാട്ടിലെത്തും. ഊട്ടി വെല്ലിംഗ്ടണിലെ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ, നീലഗിരി ജില്ലയിലെ ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായും പ്രമുഖരുമായും ഉദഗമണ്ഡലത്തിലെ രാജ്ഭവനിൽ സംവദിക്കും. വെള്ളിയാഴ്ച തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും ശ്രീമതി മുർമു പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## PM (INTRO)

രാജ്യത്തെ മുതിർന്ന പൗരന്മാർക്ക് ജീവിത സാഹചര്യം എളുപ്പമാക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇപ്പോൾ, മുതിർന്ന പൗരന്മാർക്ക് അവരുടെ വീടുകളിൽ തന്നെ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റിന്റെ സൗകര്യം ലഭ്യമാക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു. സുപ്രീംകോടതിയിലെ ഭരണഘടനാ ദിനാഘോഷ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പൗരന്മാരുടെയും പ്രതീക്ഷകളും ആവശ്യങ്ങളും നിറവേറ്റുന്നതാണ് ഇന്ത്യൻ ഭരണഘടനയെന്ന് ശ്രീ.മോദി പറഞ്ഞു.

(ഹോൾഡ് വോയിസ് )
ഓരോ പാവപ്പെട്ട കുടുംബത്തിനും 5 ലക്ഷം രൂപ വരെ സൗജന്യ ചികിത്സ നൽകുന്ന രാജ്യമാണ് ഇന്ത്യയെന്നും 70 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും രാജ്യം സൗജന്യ ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ ഉറപ്പാക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## JITENDRA-DLC 3.0

പെൻഷൻകാരുടെയും മുതിർന്ന പൗരന്മാരുടെയും സൗകര്യാർത്ഥം അവതരിപ്പിച്ച ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് "ഡിഎൽസി 3.0"- ക്യാമ്പയിൻ ഒരു കോടി കടന്നതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് പറഞ്ഞു. മുതിർന്ന പൗരന്മാരുടെ ജീവിത സാഹചര്യം കൂടുതൽ ആയാസ രഹിതമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്യാമ്പയിന് തുടക്കം കുറിച്ചത്. ഈ മാസം 1 മുതൽ രാജ്യത്തെ 800 നഗരങ്ങളിലും പട്ടണങ്ങളിലും DLC കാമ്പയിൻ 3.0 നടത്തി വരുന്നു. 1 മുതൽ 25 വരെ ആയിരത്തി തൊള്ളായിരത്തിലധികം ക്യാമ്പുകൾ രാജ്യത്തുടനീളം നടന്നതായി ഡോ.സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## ANNPURNA DEVI-BAL VIVAH

ബാൽ വിവാഹ് മുക്ത് ഭാരത് ദേശീയ യജ്ഞത്തിന് ഇന്ന് രാജ്യത്ത് തുടക്കമാകും. ന്യൂഡൽഹിയിൽ കേന്ദ്ര മന്ത്രി അന്നപൂർണാ ദേവി യജ്ഞത്തിനു തുടക്കം കുറിക്കും. ഇന്ത്യയെ ശൈശവ വിവാഹ രഹിത രാഷ്ട്രമാക്കുക എന്നതാണ് പരിപാടിയുടെ പ്രാഥമിക ലക്ഷ്യം. ചടങ്ങിൽ ശൈശവ വിവാഹ രഹിത ഭാരത് പോർട്ടലിന്റെ അനാച്ഛാദനം കേന്ദ്ര മന്ത്രി നിർവഹിക്കും. ബോധവൽക്കരണം, ശൈശവ വിവാഹം തടയൽ, ശൈശവ വിവാഹ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യൽ

എന്നിവയെ പിന്തുണയ്ക്കുന്നതിനാണ് ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചിരിക്കുന്നത്. ശൈശവ വിവാഹത്തിനെതിരായ കൂട്ടായ പ്രതിജ്ഞയ്ക്കും കേന്ദ്രമന്ത്രി നേതൃത്വം നൽകും.

&&&&&&&&&&&&&&&&&&

## AMIT SHAH

2027-ഓടെ ഇന്ത്യയെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കുകയാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോഓപ്പറേറ്റീവ് ബാങ്ക്സ് ലിമിറ്റഡിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വികസന യാത്രയിൽ സഹകരണ മന്ത്രാലയം മികച്ച പങ്ക് വഹിക്കുമെന്നും ശ്രീ ഷാ പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

## EC-RS BYPOLL

ആറ് രാജ്യസഭാ സീറ്റുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ. ആന്ധ്രാപ്രദേശിലെ മൂന്ന് സീറ്റുകളിലേക്കും, ഒഡീഷ, പശ്ചിമ ബംഗാൾ, ഹരിയാന എന്നിവിടങ്ങളിലെ ഓരോ സീറ്റിലേക്കുമാണ് തെരഞ്ഞെടുപ്പ്. വിജ്ഞാപനം അടുത്തമാസം 3 ന് പുറത്തിറക്കും. പത്താം തീയതി വരെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. അടുത്തമാസം 20 ന് വോട്ടെടുപ്പും വോട്ടെണ്ണലും നടക്കും. രാജ്യസഭാ അംഗങ്ങളുടെ രാജിയെ തുടർന്നാണ് തെരഞ്ഞെടുപ്പ്.

&&&&&&&&&&&&&&&&&&

## IMD - TAMIL NADU

ഫെംഗൽ ചുഴലിക്കാറ്റിൻറെ സാഹചര്യത്തിൽ ഇന്ന് തമിഴ്നാട്ടിലെ മൂന്ന് ജില്ലകളിലും പുതുച്ചേരിയിലെ ഒരു ജില്ലയിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്ടിലെ മയിലാടുതുറൈ, നാഗപട്ടണം, തിരുവാരൂർ ജില്ലകളിലും പുതുച്ചേരിയിലെ കാരയ്ക്കലിലും ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. വെള്ളപ്പൊക്ക സാധ്യതയ്ക്കുള്ള മുന്നറിയിപ്പും നൽകിയിട്ടുണ്ട്. തെക്കു-പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദം ഇന്ന് 'ഫെംഗൽ' ചുഴലിക്കാറ്റായി മാറാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. അതേസമയം മേഖലകളിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ ഏഴ് സംഘത്തെ വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## KERALA –RAIN +FISHERMEN WARNING

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദ്ദം ശക്തിപ്രാപിച്ച സാഹചര്യത്തിൽ കേരളത്തിൽ അടുത്ത 5 ദിവസം ഇടി മിന്നലോടു കൂടിയ മഴയ്ക്കു സാധ്യതയെന്ന് മുന്നറിയിപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരള തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തമിഴ് നാട്, ആന്ധ്രാപ്രദേശ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. കടലിൽ പോയ മത്സ്യത്തൊഴിലാളികൾ എത്രയും വേഗം തന്നെ ആഴക്കടലിൽ നിന്ന് തീരത്തേക്ക് മടങ്ങാനും നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അവസരം നാളെ അവസാനിക്കും. 17 വയസ്സ് പൂർത്തിയാക്കിയ എല്ലാവർക്കും പേര് ചേർക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## OCHIRA FESTIVAL

കൊല്ലം ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് പന്ത്രണ്ട് വിളക്കോടെ ഇന്ന് സമാപനമാകും. സന്ധ്യയ്ക്ക് ആൽത്തറകളിലെ കൽവിളക്കുകളിൽ ദീപങ്ങൾ തെളിയിച്ചുള്ള ദീപാരാധന ദർശിച്ച് ഭക്തർ ഭജനംപാർക്കൽ പൂർത്തിയാക്കും.

&&&&&&&&&&&&&&&&&&

## NETANYAHU-CEASEFIRE PLAN

ഇസ്രയേലും ലെബനനും തമ്മിലുള്ള യുദ്ധം അവസാനിപ്പിക്കുന്നതിനായി വെടിനിർത്തൽ കരാറിന് സുരക്ഷാ മന്ത്രിസഭ അംഗീകാരം നൽകിയതായി ഇസ്രയോൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. യു.എസ് ഇടനിലക്കാരായുള്ള കരാർ പ്രകാരം ദക്ഷിണ ലെബനനിൽ നിന്ന് 60 ദിവസത്തിനുള്ളിൽ ഇസ്രായേൽ സേനയും ഹിസ്ബുള്ളയും പിൻവാങ്ങണം. അതിർത്തിയിൽ നിന്ന് ഏകദേശം 30 കിലോമീറ്റർ അകലെയുള്ള ലിറ്റനി നദിയുടെ വടക്കോട്ട് ഹിസ്ബുള്ള പിന്മാറണം. ലെബനൻ വിദേശകാര്യ മന്ത്രി ഇതിനകം കരാറിന് പിന്തുണ അറിയിച്ചിട്ടുണ്ടെന്നും നെതന്യാഹു വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## FOOTBALL - ISL

ഐഎസ്എൽ ഫുട്ബോളിൽ പഞ്ചാബ് എഫ്.സി ക്ക് ജയം. ഇന്നലെ നടന്ന മത്സരത്തിൽ എതിരില്ലാത്ത മൂന്ന് ഗോളുകൾക്കാണ് മുംബൈ സിറ്റിയെ പരാജയപ്പെടുത്തിയത്. ഇന്ന് നടക്കുന്ന മത്സരത്തിൽ മുഹമ്മദൻ എസ്.സി ബെംഗളൂരു എഫ്.സിയെ നേരിടും. വൈകുന്നേരം 7:30 ന് കൊൽക്കത്തയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## BAJRANG PUNIA BAN

ടോക്കിയോ ഒളിമ്പിക്സ് വെങ്കല മെഡൽ ജേതാവ് ബജ്റംഗ് പുനിയയ്ക്ക് ദേശീയ ഉത്തേജക മരുന്ന് പരിശോധന ഏജൻസി നാല് വർഷത്തെ വിലക്ക് ഏർപ്പെടുത്തി. കഴിഞ്ഞ മാർച്ചിൽ നടന്ന ദേശീയ ടീം തെരഞ്ഞെടുപ്പ് ട്രയൽസിൽ ഉത്തേജക മരുന്ന് പരിശോധനയ്ക്കിടെ സാമ്പിൾ നൽകാൻ വിസമ്മതിച്ചതിനാലാണ് നടപടി. സംഭവത്തിൽ നാഡ ബജ്രംഗ് പൂനിയയ്ക്ക് താൽക്കാലിക വിലക്കേർപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## CHESS- DIVITH REDDY

ഇറ്റലിയിൽ നടന്ന 8 വയസ്സിൽ താഴെയുള്ളവർക്കുള്ള ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ദിവിത് റെഡ്ഢി സ്വർണം നേടി. ഇന്ത്യയുടെ തന്നെ സാത്വിക് സ്വെയ്നെയാണ് ദിവിത് റെഡ്ഢി പരാജയപ്പെടുത്തിയത്. സാത്വിക് വെള്ളിയും, ചൈനയുടെ സിമിംഗ് ഗുവോ വെങ്കലവും നേടി.

&&&&&&&&&&&&&&&&&&

## PRO KABADDI LEAGUE

പ്രോ കബഡി ലീഗിൽ ദബാംഗ് ഡൽഹിയും പട്ന പൈറേറ്റ്സും തമ്മിലുള്ള മത്സരം സമനിലയിൽ പിരിഞ്ഞു. ഇരു ടീമുകളും 39 പോയിന്റ് വീതം സ്വന്തമാക്കി. നോയിഡ ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ആദ്യ പകുതിയിൽ പട്ന ആധിപത്യം പുലർത്തിയെങ്കിലും രണ്ടാം പകുതിയിൽ ഡൽഹി മികച്ച തിരിച്ചുവരവാണ് നടത്തിയത്.

ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ തമിഴ് തലൈവാസ് 40-26 എന്ന സ്കോറിന് യു.പി യോദ്ധാസിനെ പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## SYED MODI INTERNATIONAL 2024

സയ്യിദ് മോദി ഇൻ്റർനാഷണൽ 2024 ബാഡ്മിൻ്റൺ ടൂർണമെൻ്റിന് ലഖ്നൗവിൽ തുടക്കമായി. വനിതാ സിംഗിൾസിലെ ഇന്ത്യൻ ബാഡ്മിൻ്റൺ ടീമിനെ പി.വി.സിന്ധു നയിക്കും. ലക്ഷ്യ സെന്നാണ് പുരുഷ സിംഗിൾസ് ടീമിനെ നയിക്കുക. അതേസമയം, ഏഷ്യൻ, കോമൺവെൽത്ത് ഗെയിംസ് സ്വർണ മെഡൽ ജേതാക്കളായ സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം ടൂർണമെൻ്റിൽ നിന്ന് പിന്മാറി.

&&&&&&&&&&&&&&&&&&

## DIVYANG CONCESSION-RAILWAY

ഭിന്നശേഷിക്കാരായ യാത്രക്കാരുടെ സൗകര്യാർത്ഥം ഓൺലൈൻ കൺസഷൻ ഐഡൻ്റിറ്റി കാർഡ് അവതരിപ്പിച്ച് ഇന്ത്യൻ റെയിൽവെ. കൺസഷൻ കാർഡിനായുള്ള പുതിയ അപേക്ഷ സമർപ്പിക്കുന്നതിനും പുതുക്കുന്നതിനും ഇവർക്ക് റെയിൽവേ ഓഫീസുകൾ നേരിട്ട് സന്ദർശിക്കേണ്ട ആവശ്യമില്ല. divyangjanid.indianrail.gov.in. എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&